## പരാക്രമശാലിയേ യഹോവ നിന്നോടു കൂടെ ഉണ്ട്. ന്യായാ : 6:12

താൻ അദ്ധ്വാനിച്ചുണ്ടാക്കിയ കോതമ്പ് ശത്രുക്കൾ വന്ന് കൊയ്തുകൊണ്ടു പോകുന്നതിനു മുൻപ് താൻ തനിയെ കൊയ്തെടുത്ത് രഹസ്യമായി മെതിച്ചെടുക്കുന്ന ഗിദയോനോട് യഹോവയുടെ ദൂതൻ പറയുന്നു പരാക്രമശാലിയേ യഹോവ നിന്നോടുകൂടെ ഉണ്ട്. നമ്മുടെ ജീവിതത്തിലും ദൈവം നമുക്കായി ഒരുക്കിയ നന്മകൾ ചിലപ്പോഴെങ്കിലും ശത്രു അപഹരിച്ചിട്ടില്ലേ ? മുടക്കിക്കളഞ്ഞിട്ടില്ലേ ? ചിന്തിക്കുക , അലസത വിട്ട് ഉണരുക .

നമുക്കവകാശപ്പെട്ടതൊന്നും ശത്രുവിനു വിട്ടുകൊടുക്കുകയില്ല എന്ന തീരുമാനത്തോടെ ഗിദയോനെപ്പോലെ നാമും പരാക്രമശാലികളായി പ്രവർത്തിക്കാൻ തയ്യാറാണോ എന്നാൽ യഹോവ നമ്മോടുകൂടെയിരിക്കും .

എന്റെ ആത്മീക സന്തോഷം , എന്റെ ശുശ്രൂഷ , എന്നോടുള്ള വാഗ്ദത്തം , എന്റെ കുടുംബം , എന്റെ തലമുറകൾ , എന്റെ ആരോഗ്യം , എന്റെ ജോലി , അങ്ങനെ ദൈവം എനിക്കു നൽകിയിട്ടുള്ള ഒരു നന്മയും ശത്രു അപഹരിക്കുവാൻ ഞാൻ സമ്മതിക്കുകയില്ല . ഞാൻ അതിനു വില കൊടുക്കും അതിനുവേണ്ടി കണ്ണീരോടെ ഇടുവിൽ നിൽക്കും രാവും പകലും ദൈവസന്നിധിയിൽ ജാഗരിക്കും പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനിൽക്കും ഞാനും എനിക്കുള്ളതൊക്കെയും എന്റെ കർത്താവിന്റെ നാമ മഹത്വത്തിനുവേണ്ടി നിലകൊള്ളും എന്നീ തീരുമാനങ്ങളോടെ നാം മുന്നേറിയാൽ കർത്താവു നമ്മോടും പറയും പരാക്രമശാലിയേ യഹോവ നിന്നോടുകൂടെയുണ്ട്.